# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേവികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-112/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-112/2023 തീയ്യതി: 28/03/2023

## ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2021 മുതൽ 08-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.മേജോ കെ. ജോർജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സാമുവൽ രാജ് ആർ.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അബ്ദുൾ അലി കുന്നൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വി കവിത | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.എസ്. പോൾസ്വാമി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ജയ കെ. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. ബിജു കെ ഡി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അൻസാർ എ എസ്. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. അശ്വതി വിശ്വം എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. സുരഭി ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 23-07-2021 |
| ഡോ.മേരി ബീന ജോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 24-07-2021 | 20-09-2021 |
| ഡോ.അജിത് എൽ. പി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 21-09-2021 | 31-03-2022 |
| ശ്രീ. രാജേഷ് | വി.ഇ.ഒ | 01-04-2021 | 23-08-2021 |
| ശ്രീ. സുമേഷ് എ.വി. | വി.ഇ.ഒ | 24-08-2021 | 05-10-2021 |
| ശ്രീമതി രമ്യ എ. സുകുമാരൻ | വി.ഇ.ഒ | 06-10-2021 | 03-12-2021 |
| ശ്രീ. ശിവൻ കെ.കെ. | വി.ഇ.ഒ | 04-12-2021 | 31-03-2022 |
| ശ്രീ. റ്റി.യു. ഏലിയാസ് | അസി. എഞ്ചിനീയർ | 01-04-2021 | 31-05-2021 |
| ശ്രീ. വേണുഗോപാൽ കെ.ജി. | അസി. എഞ്ചിനീയർ | 01-06-2021 | 05-07-2021 |
| ശ്രീ. വിഷ്ണു ബി.വി. | അസി. എഞ്ചിനീയർ | 06-07-2021 | 01-12-2021 |
| ശ്രീ. വേണുഗോപാൽ കെ.ജി. | അസി. എഞ്ചിനീയർ | 02-12-2021 | 14-12-2021 |
| ശ്രീ. ജയ്മോൻ കെ.ആർ. | അസി. എഞ്ചിനീയർ | 14-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അർച്ചന വി.എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ. ആർ. ബാലകൃഷ്ണൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. റിന്റ തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ജി. മീനമ്മാൾ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | മഹാത്മാ ഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പെൻഷൻ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | വിവിധ വരവിനങ്ങളിൽ വൻ കുടിശ്ശിക | 1-10 |
| 11 | നിയമ/ ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി | 1-11 |
| 12 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ വൻതുക സ്ഥിരനിക്ഷേപമാക്കി മാറ്റാത്തതുമൂലം പലിശയിനത്തിൽ നഷ്ടം | 1-12 |
| 13 | ഇ-പേയ്മെന്റിനുവേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു. | 1-13 |
| 14 | ലൈഫ് ഭവനപദ്ധതി - മാനദണ്ഡവിരുദ്ധമായ ഫണ്ട് വിനിയോഗം | 1-14 |
| 15 | ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആനുകൂല്യം നൽകപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടത്തിലും ധനസഹായം അനുവദിച്ചു | 1-15 |
| 16 | ലൈഫ് ഭവനനിർമ്മാണം-സർക്കാർ പരിധി അധികരിച്ച് തുക നൽകി | 1-16 |
| 17 | ലൈഫ് ഭവനനിർമ്മാണത്തിനായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 18 | വാഹനങ്ങളുടെ പരിപാലനത്തിൽ അപാകതകൾ | 1-18 |
| 19 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-19 |
| 20 | കോവിഡ് അനുബന്ധച്ചെലവുകൾക്ക് ലഭിച്ച സർക്കാർ ഗ്രാന്റ് ചെലവഴിച്ചില്ല | 1-20 |
| 21 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-21 |
| 22 | അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 1-22 |
| 23 | മരുന്നു വാങ്ങൽ പ്രോജക്റ്റുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-23 |
| 24 | അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു | 1-24 |

| | | |
|---|---|---|
| 25 | കോൺക്രീറ്റ് /നടപ്പാത നിർമാണപ്രവൃത്തികൾക്ക് അധികനിരക്ക് നൽകി: നഷ്ടം ₹35,097/- | 1-25 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തിരിച്ചടച്ചിട്ടില്ല. | 1-26 |
| 27 | തൊഴിലുറപ്പ് പദ്ധതി- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ-അപാകതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോൺക്രീറ്റ് /നടപ്പാത പ്രവൃത്തികൾക്ക് അധികനിരക്ക് നൽകി: നഷ്ടം ₹35,097/- | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച തീരുമാനം, തീയതി | 1(1),15.2.2021 | 1, 7.1.2022 |
| പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ച തീരുമാനം, തീയതി | 1(1),17.2.2021 | 7(1), 28.1.2022 |
| മുന്നിരിപ്പ് | 37044183 | 89992830 |
| വരവ് | 259288000 | 19438000 |
| ആകെ | 296332183 | 109430830 |
| ചെലവ് | 287544000 | |
| നീക്കിയിരിപ്പ് | 8788183 | 109430830 |

ബജറ്റിലെയും പരിഷ്കരിച്ച ബജറ്റിലെയും തുകകൾ താരതമ്യം ചെയ്ത് പരിശോധിക്കുമ്പോൾ അവ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയതല്ലെന്ന് വ്യക്തമാണ്. പരിഷ്കരിച്ച ബജറ്റിൽ ചെലവ് തുക ഉൾപ്പെടുത്താതെ ആകെയുള്ള തുക തന്നെ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നതും ഇക്കാര്യം സാധൂകരിക്കുന്നതാണ്. അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 2022 ജൂലൈ 31 | 24-05-2022 (എയിംസിൽ സമർപ്പിച്ചത്) | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 30908313 | 30908313 | 25712596 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 45920000 | 45920000 | 35019516 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 808000 | 808000 | 555299 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1157000 | 1157000 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6912300 | 6912300 | 3136127 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18020827 | 18020827 | 1874511 | 16146316 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ ശുചിത്വം | 705726 | 19238 | 724964 | 0 | 724964 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ | 6020 | 164 | 6184 | 0 | 6184 |
| ഐ.സി.ഡി.എസ് | 1770632 | 1006227 | 2776859 | 1699968 | 1076891 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സമ്പൂർണ ശുചിത്വം | 2180000 | | 2180000 | 0 | 2180000 |
| ആയുർവേദം | 9030 | | 9030 | 0 | 9030 |
| ലൈഫ് | 3408085 | | 3408085 | 0 | 3408085 |
| ശുചിത്വമിഷൻ | 2672187 | | 2672187 | 180000 | 2492187 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 3450000 | | 3450000 | 0 | 3450000 |
| വിമുക്തി, ലൈഫ് ഷെയർ മുതലായവ | 1538549 | 37663 | 1576212 | 800 | 1575412 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 25000 | | 25000 | 0 | 25000 |
| ദുരന്ത നിവാരണം | 500000 | | 500000 | 0 | 500000 |
| എം.എൽ.എ. ഫണ്ട് | | 1635860 | 1635860 | 1635860 | |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

### 1-3-2 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക(80%) | തൻവർഷം 80% ചെലവില്ലാത്തതിനാൽ ലാപ്സായതും അടുത്തവർഷം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് കുറവു ചെയ്യുന്നതുമായ തുക |
|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി. | 45920000 | 35019516 | 36736000 | 1716484 |
| റ്റി.എസ്.പി. | 808000 | 555299 | 646400 | 91101 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 1157000 | | 925600 | 925600 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | 6912300 | 3136127 | 5529840 | 2393713 |

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 128553855 | 83 | 68871095 | ഇല്ല | 77 | 51.875 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 85.71 | 8776200 | 8539980 | 97.30 |
| വെറ്ററിനറി സർജൻ | 4 | 4 | 100 | 1921200 | 845101 | 43.98 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 100 | 1478333 | 1016408 | 68.75 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 100 | 630000 | 619035 | 98.25 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 100 | 110000 | 110000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 2 | 18.18 | 47149900 | 10360000 | 21.97 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 100 | 6795000 | 6059275 | 89.17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100 | 1010000 | 1010000 | 100 |
| സെക്രട്ടറി | 28 | 23 | 82.14 | 14082712 | 9792474 | 69.53 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 21 | | | 19754505 | 62.43 |
| ഹെഡ്മാസ്റ്റർ ഗവ. എൽ പി സ്കൂൾ | 2 | 1 | 50 | 1850000 | 250000 | 13.51 |
| അസ്സി. സെക്രട്ടറി | 9 | 9 | 100 | 13108023 | 10514317 | 80.21 |
| ആകെ | 160 | 83 | 51.87 | 128553855 | 68871095 | 53.57 |

## 1-5 മഹാത്മാ ഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1572 | 1000400 | 1001972 | 1001521 | 451 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 38922381 | 38922381 | 38922381 | 0 |

## 1-6 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 11171700 | 773 |
| വാർദ്ധക്യകാലപെൻഷൻ | 37309900 | 2736 |
| വികലാംഗപെൻഷൻ | 3273600 | 219 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 32000 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1786/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന

| തസ്തിക | അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ്ക്ലാർക്ക് | 01 |
| അക്കൗണ്ടന്റ് | 01 |
| സീനിയർ ക്ലാർക്ക് | 02 |
| ക്ലാർക്ക് | 03 |
| ഓഫീസ് അറ്റന്റന്റ് | 01 |

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്.
- ഭരണസമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാവുന്നതായി കാണുന്നില്ല.
- തനതു വരുമാനസ്രോതസുകളിലെ കുടിശ്ശിക തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് നഷ്ടപ്പെടാനുള്ള സാഹചര്യം ഒരുക്കുന്നു. ഏകദേശം രണ്ടു ലക്ഷം രൂപ പൊതുവിഭാഗം അലോട്ട്മെന്റിൽ കുറവു വരാൻ സാധ്യത നിലനിൽക്കുന്നു.
- നികുതി/ഫീസ് നിർണയം, ചുമത്തൽ, ഈടാക്കൽ നടപടിക്രമങ്ങളിൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണനിർവഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.
- സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, ഗ്രാമസഭാ മിനിട്സ്, തുടങ്ങിയവ പരിപാലിക്കുന്നുണ്ട്.
- കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.
- സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

- ലൈഫ് ഭവന പദ്ധതിക്കുവേണ്ടി ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽനിന്ന് ലഭിച്ച 22 ലക്ഷം രൂപ ഇരു തലങ്ങളിലുമുള്ള പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മമൂലം നഷ്ടപ്പെട്ടതും കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ലഭിച്ച 5 ലക്ഷം വിനിയോഗിക്കാത്ത സാഹചര്യവും ഇതിനോട്ട ചേർത്ത് കാണേണ്ടതാണ്.
- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.
- പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും, ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും, ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്ന് കാൽ നൂറ്റാണ്ടിനുശേഷവും വാർഷിക പദ്ധതി ആസൂത്രണപ്രക്രിയയിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.
- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവു ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവഹണത്തിലെ വലിയ പാളിച്ചയായി.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിച്ചിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

ലൈഫ് ഭവന പദ്ധതി ലോൺ തുകയിൽ അവശേഷിക്കുന്ന ബാധ്യതയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ₹8410560/- ആണെങ്കിലും പ്രീപെയ്ഡ് എക്സ്പെൻസസ് എന്ന ഹെഡിൽ ₹8040560/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

### 1-9-1 ഗുണഭോക്തൃവിഹിതം ക്രമീകരിച്ചിട്ടില്ല

ഗുണഭോക്തൃവിഹിതം ഇനത്തിൽ തിരികെ നൽകാനുള്ളതായി ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ ₹239974/- അവശേഷിക്കുന്നുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 2021-22 വർഷം മുൻബാക്കിയായി ഇതേ തുക ഉണ്ടായിരുന്നതായി കണ്ടു. തൻവർഷം സ്വീകരിച്ച ഗുണഭോക്തൃ വിഹിതം ₹346150/- ജേണൽ എൻട്രി വഴി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. നീക്കിയിരിപ്പായി മുൻബാക്കി തുകതന്നെ

അവശേഷിക്കുന്നു. ഗുണഭോക്തൃവിഹിതം ചെലവ് വരുമ്പോൾ യഥാസമയത്തും കൃത്യതയോടെയും ചെലവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വന്നിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

1-9-2 ബി-4 ഷെഡ്യൂളിൽ 320300199 ഹെഡിൽ വിവിധയിനങ്ങളിലായി ₹1575412/-യുടെ നീക്കിയിരിപ്പ്- ക്രമീകരിച്ചിട്ടില്ല.

ബി-4 ഷെഡ്യൂളിൽ 320300199 ഹെഡിൽ ₹1575412/- നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലഭിച്ച ഇനം | തത്സ്ഥിതി |
|---|---|
| വിമുക്തി | പൂർണമായി ചെലവഴിച്ചിട്ടില്ല |
| ഹരിതകേരളം | ചെലവഴിച്ചു |
| ആരോഗ്യ ഇൻഷ്വറൻസ് | ചെലവഴിച്ചിട്ടില്ല |
| ആശ്രയ ഷെയർ | ചെലവഴിച്ചിട്ടില്ല |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | ₹2220000/- ലഭിച്ചതിൽ ₹1140000/- ചെലവഴിച്ചുവെന്ന് ലെഡ്ജറിൽ കാണുന്നു. |
| 2020-21 കാലഘട്ടത്തിലെ ഹൗസിംഗ്- എസ്.സി.പി., ജനറൽ - കറക്ഷൻ എൻട്രികൾ | ക്രമീകരിച്ചിട്ടില്ല |
| പലിശ | ക്രമീകരിച്ചിട്ടില്ല |

അവശ്യ സമയങ്ങളിൽ മാത്രം അപേക്ഷിച്ച് ലഭ്യമാക്കുന്ന ലൈഫ് ഭവന പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ അപ്പോൾ തന്നെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറണമെന്നും യാതൊരു കാരണവശാലും സ്റ്റേറ്റ് ഷെയർ തുക അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണാൻ പാടില്ലായെന്ന് സർക്കാരിന്റെ കർശന നിർദ്ദേശമുള്ളപ്പോൾ ഈയിനത്തിൽ ₹1080000/- ചെലവഴിക്കാതെ അക്കൗണ്ടിൽ തുടരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ഗണ്യമായ പലിശയ്ക്ക് കടമെടുത്ത് സർക്കാർ ലഭ്യമാക്കുന്ന പ്രസ്തുത തുക അടിയന്തിരമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബാക്കിയിനങ്ങളിലും കൃത്യമായ ക്രമീകരണങ്ങൾ വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-9-3 ബി-4 ഷെഡ്യൂളിൽ 320800199 ഹെഡിൽ ₹3408085/- നീക്കിയിരിപ്പ്- ക്രമീകരിച്ചിട്ടില്ല.

ബി-4 ഷെഡ്യൂളിൽ 320800199 ഹെഡിൽ ₹3408085/- നീക്കിയിരിപ്പുണ്ട്. 31.03.2018-ൽ ലൈഫ് മിഷൻ ഗ്രാന്റും പലിശയും എന്ന് വിശദാംശം ചേർത്ത് ₹5258085/- വരവുള്ള പ്രസ്തുത അക്കൗണ്ടിലെ ഈയിനത്തിലുള്ള അവസാന ഇടപാട് 31.10.2019-ലാണ് നടന്നത്. ഇപ്രകാരം ഗണ്യമായൊരു തുക നീക്കിയിരിപ്പായി തുടരുന്നതിന് കാരണം വ്യക്തമല്ല. അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9-4 Other Liabilities എന്ന ഹെഡിൽ ₹2334006/-യുടെ ബാദ്ധ്യത

Other Liabilities എന്ന ഹെഡിൽ, ₹2334006/- ബാദ്ധ്യതയായി തുടരുന്നു. തൻവർഷം ₹139996/- മാത്രം കൂട്ടിച്ചേർത്ത പ്രസ്തുത അക്കൗണ്ടിന്റെ പ്രാരംഭബാക്കി ₹2194010/-യാണ്. പ്രസ്തുത അക്കൗണ്ടിലെ തുകകൾ താത്കാലികമായി മാത്രം നിലനിർത്തേണ്ടതും കാലാകാലങ്ങളിൽ കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കി ക്രമീകരിക്കേണ്ടതുമായിരുന്നു. അപ്രകാരം ചെയ്യാതിരുന്നത് അക്കൗണ്ടിംഗിലെ വീഴ്ചയാണ്. വിശദമായ പരിശോധനകൾ നടത്തി ഉപോൽബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ തുകകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-9-5 ലൈസൻസ് തുകകൾ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് ശരിയല്ല

ഡി & ഒ ലൈസൻസ് ഇനത്തിൽ തുകകൾ ലഭിക്കാനുള്ളതായി ഷെഡ്യൂൾ ബി-15-ചേർത്തിരിക്കുന്നു.

| | |
|---|---|
| തൻവർഷം | (354700) |
| കുടിശ്ശിക | 4900 |

മുൻകൂറായി ഈടാക്കുന്നതിനാൽ ലൈസൻസ് തുകകൾ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. മുൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ബാദ്ധ്യതഹെഡിൽ(350410102) ഈയിനത്തിൽ ₹483000/- അഡ്വാൻസ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശരാശരി ഒന്നര ലക്ഷം രൂപയ്ക്കടുത്ത് മാത്രം ലൈസൻസ് ഇനത്തിൽ വരവുള്ള ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത തുക ചേർത്തിരിക്കുന്നതിന്റെ യുക്തിയെന്തെന്ന് വ്യക്തമാകുന്നില്ല. ഡിമാന്റിൽ അധികരിച്ച പ്രസ്തുത തുക തൻവർഷം ക്രമീകരിച്ചപ്പോൾ കുടിശ്ശികയുണ്ടായെന്ന മാത്രമല്ല നെഗറ്റീവ് തുകയായി മാറുകയും ചെയ്തു.

1-9-6 പാസ്സായ ചെക്കുകൾ പാസ്സായിട്ടില്ലായെന്ന വിധത്തിൽ റെക്കൺസിലീയേഷൻ പത്രികയിൽ ചേർത്തിരിക്കുന്നു.

തനത് ഫണ്ട് നിലനിർത്തിയിരിക്കുന്ന കേരള ബാങ്കിലെ അക്കൗണ്ടിന്റെ റെക്കൺസിലീയേഷൻ റിപ്പോർട്ട് പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകിയതും ഒരിക്കൽ പാസ്സായതുമായ ചെക്കുകൾ പാസ്സായിട്ടില്ലായെന്ന വിധത്തിൽ റെക്കൺസിലീയേഷൻ പത്രികയിൽ ചേർത്തിരിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. / തീയതി | തുക | പാസ്സായ തീയതി |
|---|---|---|
| 407142/07.03.22 | 2600 | 08.03.22 |
| 407162/10.03.22 | 300 | 11.03.22 |
| 407123/17.02.22 | 9990 | 17.02.22 |
| ആകെ | 12890 | |

പാസ്സായ ചെക്കുകൾ പാസ്സാകാത്തതായി കാണിക്കുക വഴി ബാങ്ക് തുകയുമായി കണക്കിലുള്ള ₹12890/-യുടെ യഥാർത്ഥവ്യത്യാസം മറയ്ക്കുകയാണുണ്ടായത്. വ്യത്യാസം അടിയന്തിരമായി കണ്ടെത്തി കണക്കിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതാണ്.

Cheque Deposited But Not Collected എന്നയിനത്തിൽ 14.06.2019 വൗച്ചർ തീയതിയുള്ള ₹189/-ലഭിക്കാനുള്ളതായി ചേർത്തിരിക്കുന്നതും ക്രമീകരിക്കേണ്ടതാണ്.

1-9-7 SBI(PLAN) 1771 അക്കൌണ്ടിൽ ഗണ്യമായ തുകയുടെ നീക്കിയിരിപ്പ്

എസ്.ബി.ഐ. പ്ലാൻ അക്കൗണ്ടിൽ ₹5616294/-യുടെ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പ്രസ്തുത അക്കൗണ്ട് അടിയന്തിരമായി പരിശോധിച്ച് ശേഷിക്കുന്ന തുകയുടെ കൃത്യമായ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും (ലൈഫ് പോലെയുള്ള) പ്രത്യേക ഉദ്ദേശ്യ തുകകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ബാക്കി തുക സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതുമാണ്. പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9-8 മറ്റ് അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ടിൽ നിന്നും നേരിട്ട് കിഴിവ് വരുത്തിയതും ജി.ഒ. പ്രോജക്ടായി ചെലവ് വന്നതുമായ തുകകൾ ₹2678800/- യുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഷെഡ്യൂൾ ബി 17-ൽ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പ് ₹6901/- എന്ന് ചേർത്തിട്ടുണ്ടെങ്കിലും ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ റെക്കൺസീലിയേഷൻ പരിശോധിക്കാനായില്ല. അപ്രകാരമൊരു നീക്കിയിരിപ്പ് ട്രഷറിയിലില്ലെന്ന് അക്കൗണ്ടന്റ് അറിയിച്ചിട്ടുണ്ട്.

3) ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ Other Deposits എന്ന ശീർഷകത്തിൽ ₹5100/- ഉൾപ്പെടുത്തിയിരിക്കുന്നത് DCC -യ്ക്ക് ഗ്യാസ് കണക്ഷനുവേണ്ടി അഡ്വാൻസ് നല്കിയതാണ്. ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും പൊരുത്തപ്പെടുന്നില്ല.

5) വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ കുടിശ്ശികയായി ₹1565353/- ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുകയ്ക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം പ്രൊവിഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statement ൽ പ്രസ്തുത തുക ഐ-16 ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

6) ബാലൻസ് ഷീറ്റിൽ ഇലക്ഷൻ ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ₹46500/- ബാദ്ധ്യതയായി നിലനിൽക്കുന്നു. ഇതിൽ നിശ്ചിത വോട്ട് ലഭിക്കാത്തവരുടെ ഡെപ്പോസിറ്റ് ഉണ്ടെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

7) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ള തുക മുൻവർഷത്തെ നീക്കിയിരിപ്പ് തുക തന്നെയാണ്. വിശദാംശങ്ങൾ ഇല്ല.

8) ഒരിക്കൽ നൽകിയ ചെക്കിന്റെ കാലാവധി മൂന്ന് മാസം മാത്രമാണെന്നിരിക്കെ 31.03.2019 മുതൽ31.03.2021 വരെ നൽകിയ ചെക്കുകൾ ഇപ്പോഴും Liability In Respect Of Stale Cheques എന്ന ഹെഡിൽ തുടരുന്നത് അക്കൌണ്ടിംഗിലെ വീഴ്ചയാണ്. ₹128543/- ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

9) Purchase Of Material-Stores എന്ന ഹെഡിൽ ₹20055/- ഉണ്ടെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-10 വിവിധ വരവിനങ്ങളിൽ വൻ കുടിശ്ശിക

2021-22 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതി ഇനത്തിൽ വൻകുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യപത്രികയുടെ ബി-15 പത്രിക പ്രകാരം വസ്തുനികുതിയിലെ തന്നാണ്ട കുടിശ്ശിക ₹449293 /-യും മുൻവർഷക്കുടിശ്ശിക ₹1116060/-യും ഉൾപ്പെടെ ആകെ കുടിശ്ശിക ₹1565353/- ആണ്. വസ്തു നികുതിയുടെ പ്രതിവർഷ ഡിമാന്റ് കേവലം 5316062 രൂപ മാത്രമാണ് എന്ന വസ്തുത ഇതോടു ചേർത്തു കാണേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ാം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.
വാർഷിക ധനകാര്യപത്രികയുടെ ബി-15 പട്ടിക പ്രകാരം വിവിധ വരവിനങ്ങളുടെ കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Property Tax On Residential Buildings(Current) | 45887 |
| 2 | Property Tax On Residential Buildings(Arrears) | 138380 |
| 3 | Property Tax On Non -Residential Buildings(Current) | 403406 |
| 4 | Property Tax On Non -Residential Buildings(Arrears) | 977680 |
| 5 | Profession Tax Institutions /Professionals/Traders(Arrears) | 124070 |
| | Total | 1689423 |

കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻവർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും

പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽനിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക കുറവു ചെയ്യാൻ സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022 നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് ഏറെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. കുടിശ്ശികയാവുന്ന തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. നികുതി തുകകൾ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാവേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-11 നിയമ/ ചട്ടത്തിന്റെ പിൻബലമില്ലാതെ വസ്തു നികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും, ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് (2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 12-ാം വാർഡിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽത്തന്നെ ഒട്ടേറെ കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട.നം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|
| 1 | 129 | തവമണി ന്യൂ കോളനി, ദേവികുളം | 72 ച മീ |
| 2 | 134 | എബിനേസേർ, ദേവികുളം | 117 ച മീ |
| 3 | 199 | ജസ്റ്റിൻ, ദേവികുളം | 90 ച മീ |
| 4 | 200 | ജോർജ്ജ് വർക്കി, വേലത്ത് വീട്, മാനില റോഡ്, ദേവികുളം | 76 ച മീ |
| 5 | 205 | ചിത്ര (ദേവികുളം, ദേവികുളം പി.ഒ.) | 70 ച മീ |
| 6 | 223 | സതി, ബാലകൃഷ്ണ ഭവൻ, ദേവികുളം | 72 ച മീ |
| 7 | 259 | എസ്. സഹായമേരി, ഇറച്ചിപ്പാറ, ദേവികുളം | 115 ച മീ |
| 8 | 339 | എം. കൃഷ്ണൻ, ദേവികുളം | 77 ച മീ |
| 9 | 385 | കനകമണി, റോസ്ഹൗസ്, ദേവികുളം | 235 ച മീ |
| 10 | 391 | ശെൽവമണി, ദേവികുളം | 118 ച മീ |
| 11 | 393 | കെ.മാണിക്യം, ദേവികുളം, | 96 ച മീ |
| 12 | 398 | രതിദേവി (ശ്രീസൈലം, ദേവികുളം) | 66 ച മീ |
| 13 | 421 | പെരുമാൾ (ഇറച്ചിപ്പാറ, ദേവികുളം) | 93 ച മീ |
| 14 | 466 | എം. ജോൺ , മുത്തു കോട്ടേജ്, | 212 ച മീ |

| | | | |
|---|---|---|---|
| | | ദേവികുളം | |
| 15 | 503 | പരമേശ്വരി, ദേവികുളം പി.ഒ. | 98 ച മീ |
| 16 | 504 | ഗംഗാധരൻ, ദേവികുളം | 138 ച മീ |
| 17 | 514 | ശ്രീധർ, ദേവികുളം പി.ഒ. | 102 ച മീ |
| 18 | 531 | എസ്. വി. വിൻസെന്റ് ദേവികുളം | 105 ച മീ |
| 19 | 536 | എസ്. ദാസ് ദേവികുളം | 92 ച മീ |
| 20 | 643 | സുബ്ബലക്ഷ്മി, സുബ്ബരാജ്ജ ഭവൻ, ദേവികുളം | 70 ച മീ |
| 21 | 644 | ഫ്രാൻസിസ് ദേവികുളം | 98 ച മീ |
| 22 | 656 | ദുരൈ ദേവികുളം | 76 ച മീ |

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും അനർഹമായതെന്ന് കണ്ടെത്തുന്നവ ഡിമാന്റിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ വൻതുക സ്ഥിരനിക്ഷേപമാക്കി മാറ്റാത്തതുമൂലം പലിശയിനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് സൂക്ഷിക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ മൂന്നാർ ശാഖയിൽ 12041120120002 നമ്പറായി ഒരു അക്കൗണ്ട് നിലവിലുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 2,98,53,519/-രൂപ അവശേഷിക്കുന്നു. ഭീമമായ തുക നീക്കിയിരിപ്പുണ്ടെങ്കിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആയതിനാൽ കേവലം നാമ മാത്രമായ നിരക്കിലാണ് പലിശ ലഭിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിനാവശ്യമായ തുകകൾക്കുപരിയായി ശേഷിക്കുന്ന തുകകൾ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്ന പഞ്ചവത്സരപദ്ധതി മാർഗനിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വൻതുക ദീർഘനാൾ സൂക്ഷിക്കുന്നതിനു പകരം ഉയർന്ന പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപമായി മാറ്റി പലിശയിനത്തിലെ വരുമാന നഷ്ടം പരിഹരിക്കാനും നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-13 ഇ-പേയ്മെന്റിനുവേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ദേവികുളം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. (അക്കൗണ്ട് നം.67398232044). പ്രസ്തുത തുകകൾ പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് യഥാസമയം ക്രമീകരിക്കാത്തതിനാൽ 27.10.2022-വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം 14,07,887/- രൂപ ശേഷിക്കുന്നു. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടിമൂലം തനതു ഫണ്ടിന് ഗണ്യമായ തുക നഷ്ടം സംഭവിക്കുന്നുണ്ട്. പ്രസ്തുത നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ലൈഫ് ഭവനപദ്ധതി - മാനദണ്ഡവിരുദ്ധമായ ഫണ്ട് വിനിയോഗം

ലൈഫ് ഭവനപദ്ധതിയുടെ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് പൊതുവിഭാഗം ഫണ്ടിൽനിന്നും പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് തിരിച്ചും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വിഭാഗം | ബാങ്ക് അക്കൗണ്ട് നം. | ബിൽ നം./തുക | പൊതു വിഭാഗം പ്രോജക്ടിൽ നിന്നും അനുവദിച്ച തുക | പട്ടികജാതി വിഭാഗം പ്രോജക്ടിൽ നിന്നും അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | ചിന്നത്തമ്പി, സൈലന്റ് വാലി, ഫസ്റ്റ് ഡിവിഷൻ | പട്ടികജാതി | 10439378491 | 19100352015 101049363 /20.01.2020 | 40000 | |
| | | | | 20100352015 100229078 /08.06.2020 | | 160000 |
| | | | | 20100352015 100525675 /23.09.2020 | | 100000 |
| | | | | 20100352015 100906146 /12.01.2021 | | 100000 |
| 2 | ദാസ്, ഫാക്ടറി ഡിവിഷൻ | പൊതുവിഭാഗം | 37607965300 | 20100352015 100205103 /29.05.2020 | | 60000 |
| | | | | 20100352015 100229084 /08.06.2020 | | 40000 |
| | | | | 18100352015 100718157 /30.10.2018 | 40000 | |
| | | | | 21100352015 100046214/ 5.05.2021 | 260000 | |
| 3 | രാജേശ്വരി, ഗ്രഡാർലെ എസ്റ്റേറ്റ് | പൊതുവിഭാഗം | 67213503132 | 20100352015 100476656 /27.08.2020 | | 40000 |
| | | | | 21100352015100913366 /12.01.2022 | 160000 | |
| 4 | രാമദാസ്, കുറ്റിയാർ ഡിവിഷൻ | പട്ടികജാതി | 67295718200 | 21100352015 100046214 /05.05.2021 | 40000 | 260000 |
| | | | | 21100352015 100625025 /11.11.2021 | | 40000 |
| | | | | 18100352015 100796534 /16.11.2018 | 40000 | |
| 5 | അംബിക അമൃതലിംഗം, സെക്കന്റ് ഡിവിഷൻ | പട്ടികജാതി | 30708797973 | 20100352015 100476664 /27.08.2020 | | 200000 |
| | | | | 20100352015 100622177 | | 200000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | /16.10.2020 | | |
| | | | | 21100352015 100139364 /24.06.2021 | 160000 | |
| 6 | ബാലമുരുകൻ, ഗുഡാർവിള എസ്റ്റേറ്റ് | പൊതുവിഭാഗം | 34246242427 | 20100352015 100906146 /12.01.2021 | | 160000 |
| | | | | 21100352015 100138090 /24.06.2021 | 200000 | |
| | | | | 21100352015 100139362 /24.06.2021 | 200000 | |
| 7 | ഇയ്യാമ്മ, ന്യൂ കോളനി, ദേവികുളം | പൊതുവിഭാഗം | 67059054086 | 20100352015 100189313 /25.05.2020 | 80000 | |
| | | | | 20100352015 100906146 /12.01.2021 | | 60000 |
| | | | | 19100352015 100737358 /11.11.2019 | 40000 | |
| | | | | 69-2019-ലോൺ | 220000 | |

അംഗീകൃത പ്രോജക്ടുകളിൽ വകയിരുത്തിയ ഫണ്ട് സ്രോതസുകളിൽ നിന്നും വ്യതിചലിച്ച് വിനിയോഗം നടത്തിയത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/13.01.2023) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്ക് തെറ്റായ രീതിയിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആനുകൂല്യം നൽകപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടത്തിലും ധനസഹായം അനുവദിച്ചു

മുൻ വാർഷിക പദ്ധതികളിൽ ധനസഹായം അനുവദിച്ചിട്ടും വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താക്കൾക്ക് അവയുടെ പൂർത്തീകരണത്തിനായി സബ്സിഡി നൽകുന്നതിനാണ് ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലൂടെ ലക്ഷ്യമിട്ടത്. എന്നാൽ ഒന്നാം ഘട്ടപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിന് ആവിഷ്കരിച്ച ലൈഫ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വീണ്ടും ആനുകൂല്യം നൽകിയതായി കാണുന്നു. അനധികൃതമായി രണ്ടു ഘട്ടത്തിലും ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വെബ് സാംഖ്യ ഡേറ്റാബേസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അക്കൌണ്ട് നം | പൂർത്തീകരിക്കാത്ത ഭവനങ്ങൾക്കുള്ള ധനസഹായം (ലൈഫ് ഫേസ്-1) | | | | ലൈഫ് ഫേസ്-2 (പുതിയ ഭവന നിർമ്മാണം) | | | |
|---|---|---|---|---|---|---|---|---|---|
| | | പ്രോജക്ട് നം./പേര് | ബിൽ വിവരങ്ങൾ | ധനസഹായം | ഫണ്ട് | പ്രോജക്ട് നം./പേര് | ബിൽ വിവരങ്ങൾ | ധനസഹായം | ഫണ്ട് |
| സിന്ധു, സെക്കന്റ് ഡിവിഷൻ, മാട്ടുപ്പെട്ടി | 20132215441 | 169/2018 ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (എസ്.സി) | 17100352015 101346886 /28.03.2018 | 20000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | 91/2021 | 10.07.2020 | 20000 | ഹഡ്കോ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ദുരൈരാജ്, ടോപ്പ് ഡിവിഷൻ | 31180554712 | 169/2018 ലൈഫ് മിഷൻ പൂർത്തീ കരിക്കാത്ത വീടുകളുടെ പൂർത്തീ കരണം (എസ്.സി) | 17100352015 101231159 /20.03.2018 | 20000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം | 51/2022 | 21100352015 100206374 /16.07.2021 | 200000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം |
| ബാൽമുരുകൻ, ഗൂഡാർലൈ | 34246242427 | 169/2018 ലൈഫ് മിഷൻ പൂർത്തീ കരിക്കാത്ത വീടുകളുടെ പൂർത്തീ കരണം (എസ്.സി) | 17100352015 101139395 /14.03.2018 | 60000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം | 91/2021 | 20100352015 100906146 /12.01.2021 | 160000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം |
| | | 156/2019 ലൈഫ് മിഷൻ പൂർത്തീ കരിക്കാത്ത വീടുകളുടെ പൂർത്തീ കരണം (എസ്.സി) | 18100352015 100515577 /18.09.2018 | 60000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം | 49/2022 | 21100352015 100138090 /24.06.2021 | 200000 | വികസന ഫണ്ട്-പൊതു വിഭാഗം |
| | | | 18100352015 101267167 /07.03.2019 | 40000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം | 49/2022 | 21100352015 100139362 /24.06.2021 | 200000 | വികസന ഫണ്ട്-പൊതു വിഭാഗം |
| മുരുകൻ ജി, സെക്കന്റ് ഡിവിഷൻ, ഗൂഡാർലൈ | 67292027816 | 169/18 ലൈഫ് മിഷൻ പൂർത്തീ കരിക്കാത്ത വീടുകളുടെ പൂർത്തീ കരണം (എസ്.സി) | 17100352015 101139395 14.03.2018 | 20000 | വികസന ഫണ്ട്-പട്ടികജാതി വിഭാഗം | 91/2021 | 10.07.2020 | 20000 | ഹഡ്കോ |

ലൈഫ് ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടത്തിലും ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രണ്ടാം ഘട്ടത്തിൽ ആനുകൂല്യം കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ ₹8,00,000/- നിർവ്വഹണ ഉദ്യോഗസ്ഥരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ബാദ്ധ്യതയായി നിർണ്ണയിച്ച് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/16-01-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ഗഡുക്കളും അനുവദിക്കാത്ത ഗുണഭോക്താക്കൾക്ക് തുടർഗഡുക്കൾ അനുവദിക്കുന്നതിനുമുമ്പ് വിശദമായ പരിശോധനയും നടത്തേണ്ടതാണ്.

## 1-16 ലൈഫ് ഭവനനിർമ്മാണം-സർക്കാർ പരിധി അധികരിച്ച് തുക നൽകി

പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനപദ്ധതിയിൽ ഭവനനിർമ്മാണത്തിന് സർക്കാർ അനുവദിച്ചിട്ടുള്ള പരമാവധി ധനസഹായം ₹4,00,000/- യാണ്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പരമാവധി തുകയിൽ അധികരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ട്.

| പേര് | ബാങ്ക് അക്കൗണ്ട് നം | ബിൽ നം./ തിയതി | അനുവദിച്ച ഗഡു | ഫണ്ട് | ആകെ അനുവദിച്ച ധനസഹായം | അധികം അനുവദിച്ച ധനസഹായം |
|---|---|---|---|---|---|---|
| അംബിക അമൃതലിംഗം, സെക്കന്റ് ഡിവിഷൻ | 30708797973 | 20100352015 100476664/ 27.08.2020 | 200000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | 560000 | 160000 |
| | | 20100352015 100622177/ 16.10.2020 | 200000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| | | 21100352015 100139364/ 24.06.2021 | 160000 | വികസന ഫണ്ട്- പൊതുവിഭാഗം | | |
| രാജലക്ഷ്മി മാടസ്വാമി, ആനമുടി ഡിവിഷൻ | 67119660637 | 20100352015 101337575/ 26.03.2021 | 225000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 450000 | 50000 |
| | | 20100352015 101383455/ 29.03.2021 | 225000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | |
| അല്ലി, ന്യൂ കോളനി, ദേവികുളം | 67216492514 | 19100352015 100867146/ 07.12.2019 | 40000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | 440000 | 40000 |
| | | 19100352015 101190355/ 06.02.2020 | 160000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| | | 20100352015 100189322/ 25.05.2020 | 160000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| | | 20100352015 100476656/ 27.08.2020 | 40000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| | | 20100352015 100476660/ 27.08.2020 | 40000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | | |
| ഗണേശൻ, കൊരണ്ടിക്കാട് ഡിവിഷൻ | 67256775843 | 18100352015 100718156/ 29.10.2018 | 40000 | വികസന ഫണ്ട്- പട്ടികജാതി വിഭാഗം | 500000 | 100000 |
| | | 19.11.2019 | 160000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | |
| | | 26.02.2020 | 100000 | ലോൺ | | |
| | | 03.03.2020 | 100000 | ലോൺ | | |
| | | 19.06.2020 | 100000 | ലോൺ | | |

ഗുണഭോക്താക്കൾക്ക് അധികനിരക്കിൽ ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/തീ.13.01.2023) മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച ധനസഹായം അതത് ഗുണഭോക്താക്കളിൽനിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആകെ അധികം നൽകിയ ₹3,50,000/- ഉത്തരവാദികളായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ബാദ്ധ്യതയായി നിർണ്ണയിച്ച് 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-17 ലൈഫ് ഭവനനിർമ്മാണത്തിനായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ പഞ്ചായത്തുമായി കാരാറിൽ ഏർപ്പെട്ട് ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

1. പൊതുവിഭാഗം

| ക്രമ നം. | പേര് | കരാർ തിയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ലീല ആന്റണി, ഫാക്ടറി ഡിവിഷൻ, ഗുഡാർലെ | 26.10.2018 | 360000 |
| 2 | മോഹൻ, നെറ്റിക്കുടി | 26.10.2018 | 100000 |
| 3 | ചെല്ലദുരൈ, സൌത്ത് ഡിവിഷൻ, ചിറ്റുവരൈ | 11.05.2020 | 40000 |
| 4 | അർബുദരാജ്, ലോവർ ഡിവിഷൻ, ഗുഡാർലെ | 26.10.2018 | 100000 |
| 5 | ധർമ്മരാജ്, ലോവർ ഡിവിഷൻ, ഗുഡാർലെ | 26.10.2018 | 40000 |
| 6 | കോട്ടൂർ സ്വാമി, നെറ്റിഗുഡി ലോവർ ഡിവിഷൻ | 26.10.2018 | 40000 |
| 7 | കമല സി, ഫാക്ടറി ഡിവിഷൻ, ചൊക്കനാട് | 26.10.2018 | 200000 |
| 8 | സുബ്ബയ്യ, സൈലന്റ് വാലി | 26.10.2018 | 200000 |
| 9 | ജോൺസൺ ജേക്കബ്, മാട്ടുപ്പട്ടി | 14.11.2018 | 40000 |
| 10 | മോഡൻ, ലോവർ ഡിവിഷൻ, ഗുഡാർലെ | 06.12.2018 | 40000 |
| 11 | സെൽവറാണി, ദേവികുളം | 11.11.2019 | 300000 |
| 12 | മുനിയമ്മ കെ, കുണ്ടള വെസ്റ്റ് | 30.12.2019 | 200000 |
| 13 | കുഞ്ഞമ്മ, ന്യൂ കോളനി, ദേവികുളം | 25.01.2020 | 360000 |
| 14 | മുത്തുമണി, ലോവർ ഡിവിഷൻ, നെറ്റിഗുഡി | 06.02.2020 | 40000 |
| 15 | ഷീല, ഗുഡാർലൈ | 06.02.2020 | 40000 |
| 16 | അബ്ദുൾഖാദർ, ന്യൂ കോളനി, ദേവികുളം | 25.05.2020 | 300000 |
| 17 | തോമസ്, ന്യൂ കോളനി, കണ്ണൻ ദേവൻ ഹിൽസ് | 28.05.2021 | 40000 |
| 18 | കെ.എൻ പാണ്ടി, കുറ്റിയാർ, മാട്ടുപ്പെട്ടി | 19.06.2020 | 360000 |
| 19 | മർക്കോസ്, സൈലന്റ് വാലി | 26.03.2021 | 40000 |
| 20 | മരിയപുഷ്പം, മാട്ടുപ്പെട്ടി | 20.01.2021 | 40000 |
| 21 | ദുരൈരാജ്, നെറ്റിമേട്, മാട്ടുപ്പെട്ടി | 26.03.2021 | 360000 |
| 22 | മഹാരാജൻ, നെയ്മക്കാട് | 16.03.2021 | 300000 |
| 23 | സെബാസ്റ്റ്യൻ, സൌത്ത് ഡിവിഷൻ, യെല്ലപ്പെട്ടി | 26.03.2021 | 40000 |
| 24 | ഫ്രാൻസിസ്, ചിറ്റുവരൈ | 26.03.2021 | 60000 |
| 25 | ലക്ഷ്മി, ഇറച്ചിപ്പാറ, ദേവികുളം | 22.06.2021 | 40000 |
| 26 | രംഗരാജ്, ഗ്രഹാംസ്‌ലാന്റ് | 08.06.2021 | 250000 |
| 27 | കറുപ്പസ്വാമി, ടോപ്പ് ഡിവിഷൻ, മാട്ടുപ്പെട്ടി | 06.08.2021 | 40000 |
| 28 | ആൻഡ്രൂസ്, നെറ്റിമേട് ഡിവിഷൻ | 15.01.2021 | 300000 |
| 29 | ഫ്രാൻസിസ്, ചിറ്റുവരൈ എസ്റ്റേറ്റ് | 20.03.2021 | 40000 |
| 30 | ജബ്ബക്കണി, നമ്പർ വൺ ഡിവിഷൻ | 14.01.2021 | 40000 |
| 31 | ലാപിൻ, കുറ്റിയാർ ഡിവിഷൻ | 15.01.2018 | 40000 |

| | | | |
|---|---|---|---|
| 32 | പാർത്ഥസെൽവ്വം, ഉണ്ടുമല അപ്പർ ഡിവിഷൻ | 14.02.2021 | 300000 |
| 33 | പവൻ, മാട്ടുപ്പെട്ടി ഡിവിഷൻ | 12.01.2018 | 40000 |
| 34 | ജയ, ഫാക്ടറി ഡിവിഷൻ | 17.04.2018 | 180000 |
| 35 | മുനിയാണ്ടി, വെസ്റ്റ് ഡിവിഷൻ | 12.03.2018 | 180000 |
| 36 | ചിന്നസ്വാമി ഗോപാൽ, കുറ്റിയാർ ഡിവിഷൻ | 17.02.2018 | 200000 |
| 37 | മുത്തയ്യ, അരുവിക്കാട് എസ്റ്റേറ്റ് | 13.04.2019 | 240000 |
| 38 | രാജേന്ദ്രൻ കെ, ഗുഡാർലെ എസ്റ്റേറ്റ് | 11.01.2018 | 240000 |
| 39 | അളഗാർ ജി, ഉണ്ടുമലൈ എസ്റ്റേറ്റ് | 13.03.2018 | 250000 |
| 40 | രംഗസ്വാമി, ഫാക്ടറി ഡിവിഷൻ | 11.02.2018 | 250000 |
| 41 | ദേവരാജ്, ലോവർ ഡിവിഷൻ | 13.01.2018 | 300000 |
| 42 | മൂർത്തി, സെൻട്രൽ ഡിവിഷൻ | 12.02.2018 | 300000 |
| 43 | മുരുഗയ്യ, ഗുഡാർലൈ | 11.02.2018 | 300000 |
| 44 | പാപ്പാ രാജാമണി, ദേവികുളം | 15.01.2019 | 300000 |
| 45 | രാജേന്ദ്രൻ, ഫാക്ടറി ഡിവിൻ | 14.02.2018 | 300000 |
| 46 | രാമർ, ലോവർ ഡിവിഷൻ | 12.02.2018 | 300000 |
| 47 | രജീന, സാണ്ടോസ് | 17.03.2019 | 300000 |
| 48 | ശങ്കർ, ഈസ്റ്റ് ഡിവിഷൻ | 06.03.2018 | 300000 |
| 49 | ശശികാന്ത്, സാണ്ടോസ് | 02.01.2019 | 300000 |
| 50 | സെൽവരാജ്, നോർത്ത് ഡിവിഷൻ | 15.04.2020 | 300000 |
| 51 | സെൽവരാജ്, ഗുഡാർലെ എസ്റ്റേറ്റ് | 17.02.2018 | 300000 |
| 52 | രാധ, ന്യൂ കോളനി, ദേവികുളം | 17.02.2019 | 320000 |
| 53 | ജേക്കബ് സൂസാപ്പൻ, ലോവർ ഡിവിഷൻ, നെറ്റിഗുഡി | 15.02.2018 | 340000 |
| 54 | ലക്ഷ്മി, സോണ്ടോസ് കോളനി | 12.04.2019 | 340000 |
| 55 | ശ്രീദേവി, സാണ്ടോസ് കോളനി | 11.03.2019 | 340000 |
| 56 | സ്വാമിതേവൻ, ഗുഡാർലെ | 14.03.2018 | 340000 |
| 57 | ഇയാദുരൈ, ഉണ്ടുമലൈ എസ്റ്റേറ്റ് | 26.02.2018 | 350000 |
| 58 | ജയ്ക്രൂസ്, ഫസ്റ്റ് ഡിവിഷൻ | 11.02.2018 | 360000 |
| 59 | റാമർ വി, വെസ്റ്റ് ഡിവിഷൻ | 24.02.2018 | 360000 |

2. പട്ടികജാതി വിഭാഗം

| ക്രമ നം. | പേര് | കരാർ തിയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | കാളിയമ്മ, ചൊക്കനാട് | 14.11.2018 | 360000 |
| 2 | ഉമാലത, സൈലന്റ് വാലി | 14.11.2018 | 280000 |
| 3 | വിജയ, നോർത്ത് ഡിവിഷൻ, ചൊക്കനാട് | 14.11.2018 | 300000 |
| 4 | കറുപ്പസ്വാമി, ഫാക്ടറി ഡിവിഷൻ | 14.11.2018 | 40000 |
| 5 | വിജയകുമാർ, ഗുഡാർലെ | 14.11.2018 | 200000 |
| 6 | ശുശീല, കെ.കെ.ഡിവിഷൻ, യെല്ലപ്പെട്ടി | 14.11.2018 | 40000 |
| 7 | സരസ്വതി, നോർത്ത് ഡിവിഷൻ, ചൊക്കനാട് | 14.11.2018 | 40000 |
| 8 | മാരിയമ്മാൾ, കെ.കെ.ഡിവിഷൻ, യെല്ലപ്പെട്ടി | 14.11.2018 | 40000 |
| 9 | മുത്തുമണി, സൈലന്റ് വാലി, ഗുഡാർലെ | 14.11.2018 | 40000 |
| 10 | വല്ലി, പുതുക്കാട്, ചെണ്ടുവരൈ | 14.11.2018 | 40000 |
| 11 | കറുപ്പായം, സെൻട്രൽ ഡിവിഷൻ, നെറ്റിക്കുടി | 14.11.2018 | 40000 |
| 12 | ജയക്കൊടി, ദേവികുളം | 29.11.2018 | 280000 |
| 13 | സെൽവരാജ്, ഫാക്ടറി ഡിവിഷൻ, ഗുഡാർലെ | 07.02.2019 | 40000 |
| 14 | പാർവ്വതി, ന്യൂ കോളനി, ദേവികുളം | 07.02.2019 | 360000 |
| 15 | സുബ്രമണ്യൻ, സെൻട്രൽ ഡിവിഷൻ, അരുവിക്കാട് | 07.02.2019 | 300000 |
| 16 | ജയകുമാർ, ഫാക്ടറി ഡിവിഷൻ, ഗുഡാർലെ | 07.02.2019 | 360000 |
| 17 | സെന്തിൽകുമാർ, ദേവികുളം | 06.02.2020 | 200000 |
| 18 | നരസിംഹം, ഫാക്ടറി ഡിവിഷൻ, ഗുഡാർലെ | 06.02.2020 | 40000 |
| 19 | തങ്കമണി സെൽവകുമാർ, ദേവികുളം | 28.05.2020 | 280000 |
| 20 | ഡേവിഡ്, സൈലന്റ് വാലി, ഗുഡാർലെ | 25.05.2020 | 40000 |
| 21 | അറുമുഖം, ഫാക്ടറി ഡിവിഷൻ, ഗുഡാർലെ | 25.05.2020 | 40000 |
| 22 | പൊന്നയ്യ, സെൻട്രൽ ഡിവിഷൻ, അരുവിക്കാട് | 19.06.2020 | 40000 |
| 23 | ചെല്ലദുരൈ, ആർ & ഡി ഡിവിഷൻ, മാട്ടുപ്പെട്ടി | 16.06.2021 | 360000 |
| 24 | രാജേന്ദ്രൻ, സെക്കന്റ് ഡിവിഷൻ, സൈലന്റ് വാലി | 08.01.2021 | 40000 |
| 25 | സുന്ദരി ഗോവിന്ദസ്വാമി, സെൻട്രൽ ഡിവിഷൻ, നെറ്റിഗുഡി | 08.01.2021 | 40000 |
| 26 | രാമർ എസ്, സൈലന്റ് വാലി | 10.07.2020 | 360000 |
| 27 | ആർ.ശക്തിവേൽ, വെസ്റ്റ് ഡിവിഷൻ, അരുവിക്കാട് | 31.05.2021 | 40000 |
| 28 | ദാസൻ, ഗുഡാർലെ | 31.05.2021 | 360000 |
| 29 | ബോസ്, നെറ്റിഗുഡി, ഗുഡാർലെ | 12.09.2020 | 300000 |
| 30 | രാജേശ്വരി, ഫാക്ടറി ഡിവിഷൻ, ഗുഡാർലെ | 28.08.2020 | 300000 |
| 31 | മൂക്കമ്മാൾ, സൈലന്റ് വാലി, ഫാക്ടറി ഡിവിഷൻ | 19.09.2020 | 40000 |
| 32 | അരുണാചലം, നെറ്റിമേട് | 25.02.2021 | 40000 |
| 33 | മുനിയാപ്പൻ, നെയ്മക്കാട്, കുണ്ടള | 16.03.2021 | 360000 |
| 34 | ജയരാമൻ, വെസ്റ്റ് ഡിവിഷൻ, യെല്ലപ്പെട്ടി | 16.03.2021 | 360000 |
| 35 | വേലമ്മ, നെറ്റിമേട് | 24.03.2021 | 40000 |
| 36 | സെൽവ്വം, നെറ്റിമേട് | 24.03.2021 | 360000 |

| | | | |
|---|---|---|---|
| 37 | മുനിയാണ്ടി, സൈലന്റ് വാലി | 26.03.2021 | 300000 |
| 38 | മുത്തുലക്ഷ്മി, നോർത്ത് ഡിവിഷൻ, ചൊക്കനാട് | 30.04.2021 | 200000 |
| 39 | ജയ, കുറ്റിയാർ, മാട്ടുപ്പെട്ടി | 19.05.2021 | 360000 |
| 40 | ധനപാക്യം, ഗ്ഡാർലെ | 31.05.2021 | 40000 |
| 41 | കറുപ്പയ്യ, ഫാക്ടറി ഡിവിഷൻ, തെൻമല | 31.05.2021 | 40000 |
| 42 | സാപ്പാണി, നെറ്റിമേട്, മാട്ടുപ്പെട്ടി | 06.08.2021 | 300000 |
| 43 | സ്റ്റെല്ല, തേർഡ് ഡിവിഷൻ, മാട്ടുപ്പെട്ടി | 06.08.2021 | 360000 |
| 44 | എം.കരുണാനിധി, ചെണ്ടുവരൈ | 05.12.2021 | 40000 |
| 45 | മുരുകൻ ജി, ഗ്ഡാർലെ | 15.06.2020 | 20000 |
| 46 | സിന്ധു, മാട്ടുപ്പെട്ടി | 18.06.2020 | 20000 |
| 47 | മാരിചന്ദ്രൻ, ഫാക്ടറി ഡിവിഷൻ | 15-07-2021 | 40000 |
| 48 | ദുരൈരാജ്, ടോപ്പ് ഡിവിഷൻ | 15.06.2021 | 200000 |
| 49 | വിജയ, ഫാക്ടറി ഡിവിഷൻ, ദേവികുളം | 19.06.2020 | 200000 |
| 50 | രാമൻ, തേർഡ് ഡിവിഷൻ | 05.07.2018 | 300000 |
| 51 | സുന്ദരം, ബെൺമോർ ഡിവിഷൻ | 12.07.2018 | 300000 |
| 52 | തായമ്മാൾ, ന്യൂ കോളനി, ദേവികുളം | 12.04.2019 | 300000 |
| 53 | ഗുരുസ്വാമി, സൈലന്റ് വാലി | 16.08.2018 | 240000 |
| 54 | സുബ്രമണ്യൻ ഷൺമുഖം, സൈലന്റ് വാലി | 14.05.2018 | 290000 |
| 55 | ദേവരാജ് സി, ടോപ്പ് ഡിവിഷൻ | 14.04.2018 | 300000 |
| 56 | ജയരാമൻ ജി, ചെണ്ടുവരൈ എസ്റ്റേറ്റ് | 09.01.2020 | 360000 |
| 57 | കറുപ്പയ്യ, ഗ്ഡാർലെ എസ്റ്റേറ്റ് | 13.03.2018 | 300000 |
| 58 | മനോഹരൻ, ഫാക്ടറി ഡിവിഷൻ | 14.04.2018 | 300000 |
| 59 | സിസിലി, കുണ്ടള ഡിവിഷൻ | 15.02.2019 | 340000 |
| 60 | പെരുമാൾ, സാണ്ടോസ് | 11.01.2019 | 340000 |
| 61 | സുന്ദരമ്മാൾ, ദേവികുളം | 17.02.2019 | 340000 |
| 62 | കിട്ടൻ, നെറ്റിഗുഡി ലോവർ ഡിവിഷൻ | 15.06.2018 | 360000 |
| 63 | മോഹൻദാസ് പി, സെക്കന്റ് ഡിവിഷൻ | 14.02.2018 | 360000 |
| 64 | മുനിയാണ്ടി എം, സൈലന്റ് വാലി | 14.04.2018 | 360000 |

മേൽ പട്ടിക(2)ൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം.45, 46, 48 എന്നിവർക്ക് ലൈഫ് ഫേസ്-1 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-ലും ആനുകൂല്യം നൽകിയിട്ടുള്ളതാണ്. വിശദാംശങ്ങൾ 1-15 ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഭവന നിർമാണ പദ്ധതി രണ്ടാം ഘട്ടത്തിലെ ആകെ അർഹതയുള്ള ഗുണഭോക്താക്കളിൽ പൊതുവിഭാഗത്തിൽ 98 പേരും പട്ടികജാതി വിഭാഗത്തിൽ 112 പേരുമാണ് 31.03.2022 വരെ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇവരിൽ പൊതുവിഭാഗത്തിലെ 39 ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിലെ 48 ഗുണഭോക്താക്കളുമാണ് ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടുള്ളത്. 2018 മുതൽ കരാർ വെച്ചിട്ടുള്ള പല ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം നാല് വർഷം കഴിയുമ്പോഴും പാതിവഴിയിലാണ്. സബ്സിഡിയുടെ ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതി തലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളിൽ പകുതിയിലധികവും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് സവിശേഷമായ പ്രശ്നങ്ങൾ നേരിടുന്ന പക്ഷം സർക്കാർ തലത്തിൽ പരിഹാരം

തേടേണ്ടതുമാണ്.

## 1-18 വാഹനങ്ങളുടെ പരിപാലനത്തിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിൽ 05 വാഹനങ്ങളാണുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം | രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| 1 | ഉപയോഗരഹിതമായ ആംബുലൻസ് | KL6E-2176 |
| 2 | തൻവർഷം വാങ്ങിയ ആംബുലൻസ് | KL68B-0949 |
| 3 | ബൊലേറോ ജീപ്പ് | KL6A-1312 |
| 4 | ഉപയോഗരഹിതമായ ടിപ്പർ ലോറി | KL6D-9853 |
| 5 | മോട്ടോർ സൈക്കിൾ | KL6E-9187 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വാഹനങ്ങളുടെ സൂക്ഷിപ്പിനായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2007-ലെ ജി.ഒ.(എംഎസ്) നം.170/2007 കാണുക). എന്നാൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ലായെന്ന് രേഖകളുടെ പരിശോധനയിൽ വ്യക്തമായി. ടി അപാകതകൾ ചുവടെ ക്രോഡീകരിക്കുന്നു.

1. വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിപ്പിച്ച് സാക്ഷ്യപത്രം ലോഗ് ബുക്കിനൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. പല യാത്രകളിലും യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ/ജനപ്രതിനിധിയുടെ ഒപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഓരോ മാസവും വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, സഞ്ചരിച്ച ദൂരം, ഇന്ധന ഉപഭോഗം എന്നിവ മാസാവസാനം ലോഗ് ബുക്കിൽ നിർണയിച്ച് കൃത്യത ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഇന്റന്റ് സമ്പ്രദായത്തിനു പകരം ഇന്ധനം നിറച്ചതായി സൂചിപ്പിച്ച് ഡ്രൈവർ ഹാജരാക്കുന്ന ബില്ലുകൾ അടിസ്ഥാനപ്പെടുത്തി തുക നൽകുന്ന രീതിയാണ് തുടരുന്നത്. തൻവർഷം കോവിഡുമായി ബന്ധപ്പെട്ട് രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും ഉപയോഗിച്ച വാഹനങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഇന്ധനം നിറച്ച നൽകിയിട്ടുണ്ട്. ഇവയുടേതുൾപ്പെടെയുള്ള ഇന്ധനച്ചെലവുകൾ കൃത്യമായി നിർണയിക്കാനാവാത്ത സാഹചര്യമാണുള്ളത്.

5. വാഹനങ്ങളിൽ നിറയ്ക്കുന്ന ഇന്ധനത്തിന്റെ അളവുകൾ ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. തകരാറിലായ ആംബുലൻസിനു (പട്ടികയിലെ ക്രമ നം1) പകരം പുതിയത് എം.എൽ.എ ഫണ്ട് വിനിയോഗിച്ച് വാങ്ങിയെങ്കിലും പഴയതിന്റെ മൂല്യം നിശ്ചയിച്ച് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല. അതോടൊപ്പം യാത്ര നിലച്ച ടിപ്പർ ലോറിയും (പട്ടികയിലെ ക്രമ നം 4) കണ്ടം ചെയ്യാൻ നടപടികളായിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ

നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ഇലക്ഷൻ നിക്ഷേപം, ലേല നിക്ഷേപം, ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2013-14 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

2019 ഏപ്രിൽ 01-ന മുൻപ് നിക്ഷേപിക്കപ്പെട്ടതും സിവിൽ നിക്ഷേപക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി ഋണബാധ്യത കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

## 1-20 കോവിഡ് അനുബന്ധച്ചെലവുകൾക്ക് ലഭിച്ച സർക്കാർ ഗ്രാന്റ് ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങെന്ന നിലയിൽ വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ ജില്ലാ കളക്ടർ മുഖേന 500000/- രൂപ അനുവദിച്ചിരുന്നു. 31.10.2020-ലെ 120090900047-ാം നമ്പർ രസീത് പ്രകാരം സ്വീകരിച്ച പ്രസ്തുത തുക ഇതിനുവേണ്ടി ദേവികുളം സബ്ട്രഷറിയിൽ ആരംഭിച്ച CFLTC 6363 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും ചെലവുകളൊന്നും ഇതിൽനിന്ന് വഹിക്കാതെ തനതു ഫണ്ടാണ് പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിച്ചത്. വാർഷിക ധനകാര്യപത്രികയിലെ ബി-4 പത്രികയിൽ ബാധ്യതാ കണക്കുളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത തുകയ്ക്ക് ഇനി വിനിയോഗ സാധ്യത ഇല്ലാത്തതാണ്. അടിയന്തിര സാഹചര്യം കടന്നു പോയതിനാൽ ഈ അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യകതയുമില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് സമാന്തരമായി ലക്ഷക്കണക്കിനു രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്ന് ചെലവഴിക്കപ്പെട്ടതിനാൽ അക്കൗണ്ടിൽ ശേഷിക്കുന്ന തുക തനതു ഫണ്ടിലേക്ക് ക്രമീകരിക്കുവാൻ രേഖകൾ സഹിതം ജില്ലാ കളക്ടറിൽനിന്ന് അനുവാദം തേടേണ്ടതും അനുകൂല ഉത്തരവ് ലഭിക്കാത്തപക്ഷം സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തി സർക്കാരും മറ്റ് ഏജൻസികളും ലഭ്യമാക്കുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിനു പകരം അക്കൗണ്ടിൽ മുതനിക്ഷേപമായി സൂക്ഷിച്ച് നഷ്ടപ്പെടാനുള്ള സാഹചര്യമൊരുക്കിയ നടപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത നടപടിയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-21 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ധനകാര്യപത്രിക പ്രകാരം പ്രസ്തുതയിനത്തിൽ 46500/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പു ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് കീഴിൽ 28 അംഗൻവാടികളാണ് നിലവിലുള്ളത്. അവയിൽ 18 എണ്ണം KDHP വക ലയങ്ങളിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികളിലൂടെയുള്ള പോഷകാഹാര വിതരണ പരിപാടിക്ക് മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ അൻപതു ശതമാനം തുക തുടർവർഷങ്ങളിലെ സമാന പ്രോജക്ട്

നടത്തിപ്പിനായി കേന്ദ്ര സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുപ്രകാരം പൂരക പോഷകാഹാരപരിപാടിക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 3.09.2010-ലെ 39033/ഡി.സി2/2010 നമ്പർ സർക്കുലറിൽ നിർദ്ദേശമുണ്ട്.

എസ്റ്റേറ്റ് ലയങ്ങളിൽ പ്രവർത്തിക്കുന്ന മിക്ക അംഗൻവാടികളിലെയും അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഏറെ പരിമിതമാണ്. വൈദ്യുതി കണക്ഷൻ, ചുറ്റുമതിൽ ജലലഭ്യത തുടങ്ങിയവ പല അംഗൻവാടികളിലും ലഭ്യമല്ല. പല കെട്ടിടങ്ങളും ജീർണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്തതിനാൽ ആസ്തി പരിപാലന ഗ്രാന്റ് ഉപയോഗിച്ച് നവീകരിക്കുന്നതിനു പരിമിതിയുണ്ട്. എന്നാൽ ജംഗമ സ്വഭാവമുള്ള ആസ്തികൾ ഇവയിൽ സജ്ജീകരിക്കുന്നതിന് പ്രസ്തുത ഫണ്ടും കേന്ദ്ര വിഹിതവും വിനിയോഗിക്കുന്നതിൽ അപാകതയില്ല. അംഗൻവാടികളുടെ പ്രവർത്തനവും അടിസ്ഥാനസൗകര്യവികസനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യ ചുമതലയിൽപ്പെടുന്ന വിഷയമാണെങ്കിലും ഇതു സംബന്ധിച്ച് ക്രിയാത്മകമായ തീരുമാനങ്ങളൊന്നും തൻവർഷം ഉണ്ടായിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ടിയിനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ചതുൾപ്പടെ 1770632/- രൂപയാണ് വർഷാവസാനം നീക്കിയിരുപ്പുള്ളത്. ലഭ്യമായ തുകയ്ക്ക് ആനുപാതികമായി പ്രോജക്ടുകൾ നടപ്പാക്കാതെ തനതു ഫണ്ടിനൊപ്പം സൂക്ഷിച്ച് യഥേഷ്ടം ചെലവഴിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പോഷകാഹാരപരിപാടിക്ക് വിനിയോഗിച്ചതിനു ശേഷവും കേന്ദ്ര വിഹിതത്തിൽ തുക ശേഷിക്കുന്ന പക്ഷം മേൽപ്രസ്താവിച്ച സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ പ്രോജക്ടുകൾ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-23 മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും സ്ഥാപനം നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(HOMOEO) എസ്039/22 NHMഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ | ഹോംകോ ആലപ്പുഴ | 100000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 23.11.2021-ൽ ട്രാൻസ്ഫർ ചെയ്തു. | 66926 | 33074 |
| മെഡിക്കൽ ഓഫീസർ(HOMOEO) എസ്041/22 പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങൽ | ഹോംകോ ആലപ്പുഴ | 10000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 23.11.2021-ൽ ട്രാൻസ്ഫർ ചെയ്തു. | 00 | 10000 |

ആവശ്യപ്പെട്ട ഔഷധങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ തൻവർഷത്തെ സിവിൽ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പെൻഷൻ അക്കൗണ്ടിൽ തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പേര് | പെൻഷണർ ഐഡി(അവസാന ആറക്കം) | മരിച്ച തീയതി | അനർഹമായ കാലയളവ് | നിക്ഷേപിച്ച തുക₹ | തത് സ്ഥിതി | പെൻഷൻ ഇനം |
|---|---|---|---|---|---|---|---|
| 1 | മുത്തുവിരി | 201463 | 06.06.21 | 6/21-11/22 | 28800 | Active | വാർദ്ധക്യ പെൻഷൻ |
| 2 | ബാലസുബ്രമണ്യം | 202433 | 9.5.21 | 5/21-11/22 | 30400 | Active | വാർദ്ധക്യ പെൻഷൻ |
| 3 | മാടസ്വാമി | 201313 | 06.06.21 | 6/21-11/22 | 28800 | Active | വാർദ്ധക്യ പെൻഷൻ |
| 4 | രാമർ | 201498 | 16.06.21 | 6/21-11/22 | 28800 | Active | കർഷക തൊഴിലാളി പെൻഷൻ |
| 5 | റോബർട്ട് | 201743 | 20.06.21 | 6/21-11/22 | 28800 | Active | വാർദ്ധക്യ പെൻഷൻ |
| 6 | രാമകൃഷ്ണൻ | 201219 | 19.5.21 | 5/21-11/22 | 30400 | Active | വാർദ്ധക്യ പെൻഷൻ |
| 7 | ചിന്നധനം | 201519 | 22.06.21 | 6/21-9/22 | 25600 | Suspended | വാർദ്ധക്യ പെൻഷൻ |
| 8 | ജയമേരി | 200447 | 14.07.21 | 7/21-11/22 | 27200 | Active | വാർദ്ധക്യ പെൻഷൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ഫിലോമിന | 202266 | 6.07.21 | 7/21-9/21 | 4800 | Active | വാർദ്ധക്യ പെൻഷൻ |
| 10 | അന്തോണിയമ്മ | 202350 | 09.8.21 | 8/21-8/22 | 20800 | Active | വാർദ്ധക്യ പെൻഷൻ |
| 11 | ഗംഗലക്ഷ്മി | 200804 | 27.8.21 | 8/21-11/22 | 25600 | Active | വാർദ്ധക്യ പെൻഷൻ |
| 12 | ശങ്കരപാണ്ഡ്യൻ | 201243 | 31.8.21 | 8/21-11/22 | 25600 | Active | വാർദ്ധക്യ പെൻഷൻ |
| 13 | മണി | 200393 | 29.8.21 | 8/21-11/22 | 25600 | Active | വാർദ്ധക്യ പെൻഷൻ |
| 14 | തോമസ് | 202368 | 31.8.21 | 8/21-5/22 | 16000 | Active | വാർദ്ധക്യ പെൻഷൻ |
| 15 | കാളിയൻ | 201752 | 30.8.21 | 8/21-11/22 | 25600 | Active | വാർദ്ധക്യ പെൻഷൻ |
| 16 | ലക്ഷ്മി | 200384 | 24.8.21 | 8/21-11/22 | 25600 | Active | വാർദ്ധക്യ പെൻഷൻ |
| 17 | രാജു | 200720 | 28.8.21 | 8/21-11/22 | 25600 | Active | വാർദ്ധക്യ പെൻഷൻ |
| 18 | മാണിക്യം | 202041 | 15.9.21 | 9/21-11/22 | 24000 | Active | വാർദ്ധക്യ പെൻഷൻ |
| 19 | അർജ്ജുൻ | 200943 | 19.9.21 | 9/21-2/22 | 9600 | Active | വാർദ്ധക്യ പെൻഷൻ |
| 20 | പാർവതി | 200558 | 23.9.21 | 9/21-4/22 | 12800 | Active | വാർദ്ധക്യ പെൻഷൻ |
| 21 | പേച്ചിയമ്മ | 600301 | 18.11.21 | 11/21-12/21 | 3200 | Active | വിധവ പെൻഷൻ |
| 22 | തങ്കമ്മ | 600306 | 9.12.21 | 12/21-11/22 | 19200 | Active | വിധവ പെൻഷൻ |
| 23 | രാമസ്വാമി | 200597 | 5.12.21 | 12/21-4/22 | 8000 | Active | വാർദ്ധക്യ പെൻഷൻ |
| 24 | എസക്കിയമ്മാൾ | 201631 | 21.12.21 | 12/21-9/22 | 16000 | Active | വാർദ്ധക്യ പെൻഷൻ |
| 25 | അയ്യനാർ | 201010 | 23.12.21 | 12/21-4/22 | 8000 | Active | വാർദ്ധക്യ പെൻഷൻ |
| 26 | വല്ലി | 200864 | 14.12.21 | 12/21-11/22 | 19200 | Active | വാർദ്ധക്യ പെൻഷൻ |
| 27 | തങ്കരാജ് | 202845 | 25.12.21 | 12/21-11/22 | 19200 | Active | വാർദ്ധക്യ പെൻഷൻ |
| 28 | കറുപ്പായ് | 600294 | 27.12.21 | 12/21-11/22 | 19200 | Active | വിധവ പെൻഷൻ |
| 29 | മരിയശെൽവം | 600389 | 30.11.21 | 11/21-11/22 | 20800 | Active | വിധവ പെൻഷൻ |
| 30 | കതിർമലെ | 200441 | 8.12.21 | 12/21-11/22 | 19200 | Active | വാർദ്ധക്യ പെൻഷൻ |
| 31 | ബെഞ്ചമിൻ | 201137 | 12.1.22 | 1/21-11/22 | 17600 | Active | വാർദ്ധക്യ പെൻഷൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| 32 | നാച്ചമ്മാൾ | 600321 | 12.1.22 | 1/21-11/22 | 17600 | Active | വിധവ പെൻഷൻ |
| 33 | സെബാസ്റ്റ്യൻ | 201646 | 5.1.22 | 1/22, 2/22 | 3200 | Active | വാർദ്ധക്യ പെൻഷൻ |
| 34 | കാളിയമ്മ | 200273 | 14.7.21 | 7/21-1/22 | 11200 | Active | വാർദ്ധക്യ പെൻഷൻ |
| 35 | രാജു | 200143 | 4.2.22 | 2/21-10/22 | 14400 | Active | വാർദ്ധക്യ പെൻഷൻ |
| 36 | സപ്പാണി | 201244 | 13.2.22 | 2/21-6/22 | 8000 | Active | വാർദ്ധക്യ പെൻഷൻ |
| 37 | സുബക്കനി | 200716 | 9.2.22 | 2/21-11/22 | 16000 | Active | വാർദ്ധക്യ പെൻഷൻ |
| 38 | രാജാമണി | 200220 | 13.2.22 | 2/21-4/22 | 4800 | Active | വാർദ്ധക്യ പെൻഷൻ |
| 39 | വയലറ്റ് | 600614 | 28.1.22 | 1/22-11/22 | 17600 | Active | വിധവ പെൻഷൻ |
| 40 | ധനഭാഗ്യം | 600054 | 21.2.22 | 2/22-9/22 | 12800 | Active | വിധവ പെൻഷൻ |
| 41 | പാർവതി | 200087 | 3.3.22 | 3/22-4/22 | 3200 | Active | വാർദ്ധക്യ പെൻഷൻ |
| 42 | അയ്യെമ്മ | 201403 | 3.3.22 | 3/22-4/22 | 3200 | Active | വാർദ്ധക്യ പെൻഷൻ |
| 43 | കറുപ്പയ്യ | 202920 | 23.3.22 | 3/22-11/22 | 14400 | Active | വാർദ്ധക്യ പെൻഷൻ |
| 44 | പളനിസ്വാമി | 200346 | 24.3.22 | 3/22-11/22 | 5400 | Active | വാർദ്ധക്യ പെൻഷൻ |
| 45 | പൊന്നമ്മാൾ | 200769 | 29.3.22 | 3/22-11/22 | 14400 | Active | വാർദ്ധക്യ പെൻഷൻ |
| 46 | തേനമ്മാൾ | 201054 | 6.3.22 | 3/22-11/22 | 14400 | Active | വാർദ്ധക്യ പെൻഷൻ |
| 47 | മുനിയാണ്ടി | 200228 | 21.1.21 | 1/21-6/21 | 9300 | Suspd | വാർദ്ധക്യ പെൻഷൻ |
| 48 | ഭൂപതി | 200896 | 24.1.21 | 1/21-6/21 | 9300 | Suspd | വാർദ്ധക്യ പെൻഷൻ |
| 49 | അരുൾരാജ് | 200447 | 1.2.21 | 2/21-6/21 | 7800 | Suspd | വാർദ്ധക്യ പെൻഷൻ |
| 50 | എസക്കി | 201535 | 30.1.21 | 1/21-6/21 | 3600 | Suspd | വാർദ്ധക്യ പെൻഷൻ |
| 51 | സുബയ്യ | 200474 | 15.2.21 | 2/21-6/21 | 7800 | Suspd | വാർദ്ധക്യ പെൻഷൻ |
| 52 | നല്ലമുത്തു | 200533 | 3.4.21 | 4/21-6/21 | 4800 | Suspd | വാർദ്ധക്യ പെൻഷൻ |
| 53 | സുന്ദരം | 201539 | 20.3.21 | 3/21-6/21 | 6300 | Suspd | വാർദ്ധക്യ പെൻഷൻ |
| 54 | സരസ്വതി | 201026 | 29.3.21 | 3/21-6/21 | 6300 | Suspd | വാർദ്ധക്യ പെൻഷൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| 55 | സെൽവരാജ് | 202075 | 27.4.21 | 4/21-6/21 | 4800 | Suspd | വാർദ്ധക്യ പെൻഷൻ |
| 56 | ചിറ്റ | 202399 | 7.5.21 | 5/21-6/21 | 3200 | Suspd | വാർദ്ധക്യ പെൻഷൻ |
| 57 | പെരുമാൾ | 200255 | 29.5.21 | 5/21-6/21 | 3200 | Suspd | വാർദ്ധക്യ പെൻഷൻ |
| 58 | അയ്യനാർ | 200624 | 22.5.21 | 5/21-6/21 | 3200 | Suspd | വാർദ്ധക്യ പെൻഷൻ |
| 59 | മുനിയാണ്ടി | 201080 | 25.5.21 | 5/21-6/21 | 3200 | Suspd | വാർദ്ധക്യ പെൻഷൻ |
| 60 | ഷൺമുഖത്തായ് | 202250 | 21.5.21 | 5/21-6/21 | 3200 | Suspd | വാർദ്ധക്യ പെൻഷൻ |
| 61 | തങ്കത്തായ് | 600187 | 17.5.21 | 5/21-6/21 | 3200 | Suspd | വിധവ പെൻഷൻ |
| 62 | മുത്തു | 202325 | 9.5.21 | 5/21-6/21 | 3200 | Suspd | വാർദ്ധക്യ പെൻഷൻ |
| 63 | റബേക്ക | 600704 | 21.5.21 | 5/21-6/21 | 3200 | Suspd | വിധവ പെൻഷൻ |
| | | | | ആകെ | 886200 | | |

ദേവികുളം ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് നവംബർ 2022 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും അവരുടെ സ്റ്റാറ്റസ് 'ആക്ടീവ്' ആണെന്നും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ പെൻഷൻ ഐ.ഡികൾ സമയബന്ധിതമായി റദ്ദാക്കാത്തതിനാലാണ് ഇത്തരത്തിൽ അധികച്ചെലവുകൾ ഉണ്ടാകുന്നത്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പ്രസ്തുത പേരുകൾ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കു. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീയതി 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-25 കോൺക്രീറ്റ് /നടപ്പാത നിർമാണപ്രവൃത്തികൾക്ക് അധികനിരക്ക് നൽകി: നഷ്ടം ₹35,097/-

തൻവർഷം അസി.എഞ്ചിനീയർ നടപ്പാക്കിയ 48 റോഡ്/നടപ്പാത കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തതിന് 2016 MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4 Course Aggregate) Laid To Required Slope And Camber In Panels (@ 3m C/c) As Required Including Compaction, Finishing And Tamping Etc . Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc Complete As Per Specification) ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. ഇവയിൽ 15 പ്രവൃത്തികളുടെ സൈറ്റ് 12.01.2023-ൽ ഗ്രാമ പഞ്ചായത്ത് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ 6 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലായെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുകയും അസി.എഞ്ചിനീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ലാത്തതിനാൽ അതിനു ബാധകമായ നിരക്ക് കുറവു ചെയ്ത തുകയാണ് കരാറുകാരന് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. നൽകാവുന്ന നിരക്കുകൾ
ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് – 4781.68
ഫോം വർക്ക് ഇല്ലാതെയുള്ള നിരക്ക്

| | |
|---|---|
| അടിസ്ഥാന നിരക്ക് | 4597.78 |
| 10% OH | 459.77 |
| ആകെ | 5057.55 |
| 10% CP | 505.75 |
| ആകെ | 5563.30 |
| കോസ്റ്റ് ഇൻഡക്സ് | 2764.40 (49.69%) |
| ഒട്ടാകെ | 8327.70 |

| ക്രമ. നം | പ്രവൃത്തി | ഇനം എം.ബുക്ക് പ്രകാരമുള്ള അളവ് (എം3) | നൽകാവുന്ന തുക ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ (GST 12% ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | എല്ലപ്പെട്ടി-എം.എ. ഹൗസ് മുതൽ 17 നമ്പർ ഫുട്ട് പാത്ത് -72/21-22<br>കോൺട്രാക്ടർ-ശ്രീ. രാംകുമാർ<br>എം.ബുക്ക്.നം-253/21-22<br>ബിൽ റഫറൻസ് | 11.4.3.1<br>35.40<br>പേജ്-നം.6 | 8327.70 | 8660.81 | 333.11 X 35.40 = 11792.09<br>GST 12%<br>1415.05 |

| | | | | | |
|---|---|---|---|---|---|
| | നം.21100352011401218123/26.2.22/ ₹349821/-<br>കരാർ നം.16/AE/LSGD /DKLM/27.11.21<br>അടങ്കൽ ₹350000/-വികസന ഫണ്ട്-എസ്.സി.പി<br>കോസ്റ്റ് ഇൻഡക്സ്-49.69 % | | | | 13207/- |
| 2 | അരുവിക്കാട് -35/21-22<br>സെൻട്രൽ ഡിവിഷൻ-കുറുപ്പയ്യ വീട് മുതൽ മെയിൻ റോഡ് വരെ നടപ്പാത കോൺക്രീറ്റ്.<br>കോൺട്രാക്ടർ-ശ്രീ.മണികണ്ഠരാജാ<br>എം.ബുക്ക്.നം-468/21-22<br>ബിൽ റഫറൻസ് നം.21100352011400263437/4.8.21 /₹177721/-<br>കരാർ നം.21/AE/LSGD /DKLM/1.11.21<br>അടങ്കൽ ₹220000/-വികസന ഫണ്ട്-എസ്.സി.പി<br>കോസ്റ്റ് ഇൻഡക്സ്-49.69 % | 11.4.3.1<br>22.20<br>പേജ്-നം-7 | 8327.70 | 8623.14 | 295.44 X 22.20 =6558.76<br>GST 12%<br>787.05<br>7345.81<br>ഒരു സൈഡ് ഫോം വർക്ക് ചെയ്തിട്ടുണ്ട്.<br>7345.81 / 2 =3673/- |
| 3 | അരുവിക്കാട്<br>ഈസ്റ്റ് ഡിവിഷൻ-ശിവ വീട് മുതൽ ജയകുമാർ വീട് വരെ റോഡ് കോൺക്രീറ്റ്.-31/21-22<br>കോൺട്രാക്ടർ-ശ്രീ.മണികണ്ഠ രാജാ<br>എം.ബുക്ക്.നം-467/21-22<br>ബിൽ റഫറൻസ് നം.21100352011400263431/4.8.21 /₹119815/-<br>കരാർ നം.20/AE/LSGD /DKLM/1.11.21<br>അടങ്കൽ ₹185000/-(വികസന ഫണ്ട്-എസ്.സി.പി)<br>കോസ്റ്റ് ഇൻഡക്സ്-49.69 % | 11.4.3.1<br>14.952<br>പേജ്-നം-6 | 8327.70 | 8623.14 | 295.44 X 14.952 = 4418<br>GST 12%<br>530<br>4948/- |
| 4 | വാർഡ് 6 എല്ലപ്പെട്ടി ഫാക്ടറി ഡിവിഷൻ-ശെൽവം വീട് മുതൽ ഫീൽഡ് നം,17 വരെ ഫുട്പാത്ത് കോൺക്രീറ്റ്.-71/21-22<br>കോൺട്രാക്ടർ-ശ്രീ.ബിജു.കെ.പി<br>ബിൽ റഫറൻസ് നം.21100352011401138078/16.2.22 /₹349998/-<br>കരാർ നം.25/AE/LSGD /DKLM/15.12.21<br>അടങ്കൽ ₹350000/-വികസന ഫണ്ട്-എസ്.സി.പി<br>കോസ്റ്റ് ഇൻഡക്സ്-49.69 % | 35.55<br>പേജ്-നം-7 | 8327.70 | 8660.81 | 333.11 X 35.55 = 11842.06<br>GST 12%<br>1421.04<br>13263/-<br>ഒരു സൈഡ് ഫോം വർക്ക് ചെയ്തിട്ടുണ്ട്.<br>13263/2<br>= 6632/- |
| 5 | മാനില ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റ്.-75/21-22<br>കോൺട്രാക്ടർ-ശ്രീ.എൽദോഎബ്രഹാം<br>ബിൽ റഫറൻസ് നം.21100352011400863497/30.12.21/₹349766/-<br>കരാർ നം.13/AE/LSGD /DKLM/20.11.21<br>അടങ്കൽ ₹350000/- (വികസന ഫണ്ട്-എസ്.സി.പി) | 35.58<br>പേജ്-നം-6 | 8327.70 | 8660.81 | 333.11 X 35.58 = 11852.05<br>GST 12%<br>1422.24<br>= 13274/-<br>ഒരു സൈഡ് ഫോം വർക്ക് ചെയ്തിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | എം.ബുക്ക്.നം-99/21-22<br>കോസ്റ്റ് ഇൻഡക്സ്-49.69 % (2016-DSR) | | | | 13274/2<br>= 6637/- |
| | ആകെ അധികം നൽകിയ തുക | | | | 35097 |

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/12.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹35097/- പദ്ധതി നടപ്പാക്കിയ അസി.എഞ്ചിനീയർമാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്ന തുക തിരിച്ചടച്ചിട്ടില്ല.

ദേവികുളം ഗ്രാമ പഞ്ചായത്ത്, LID &EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ദേവികുളം ശാഖയിൽ നിലവിലുള്ള 67052439733 നമ്പർ അക്കൗണ്ടിൽ ₹703324/ നീക്കിയിരിപ്പുണ്ട്. പദ്ധതി നിർവഹണത്തിനായി വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളും ക്ലോസ് ചെയ്യുന്നതിന് മുൻപ് പലതവണ നിർദ്ദേശം നൽകിയിരുന്നിട്ടും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് നിലനിർത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. നീക്കിയിരിപ്പിലെ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതും അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

1-27 തൊഴിലുറപ്പ് പദ്ധതി- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ- അപാകതകൾ

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1-ലെ ഖണ്ഡിക 25(a), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (2017-ലെ ഭേദഗതി) ഷെഡ്യൂൾ II-ലെ ഖണ്ഡിക 22(iv) എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി നടത്തുന്ന ഓരോ സൈറ്റിലും പദ്ധതിയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാകുന്നതിനായി നിശ്ചിത മാതൃകയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാമീണ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന 'സജസ്റ്റീവ് ഫ്രെയിംവർക്ക് (സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആന്റ് വാൾ റൈറ്റിംഗ്സ്)' മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 3(2) പ്രകാരം വ്യക്തിഗത പ്രവൃത്തികൾക്ക് 2 X 3 അടിയും പൊതു പ്രവൃത്തികൾക്ക് 3 X 4 അടിയും കുറഞ്ഞത് 10 വർഷമെങ്കിലും നിലനിൽക്കുന്ന രീതിയിലുമുള്ള ബോർഡുകളാണ് സ്ഥാപിക്കേണ്ടത്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് (CIB) സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) എസ്റ്റിമേറ്റ് ഇനം മാറ്റി പ്രവൃത്തി നടപ്പാക്കിയിട്ടും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചു

ഖണ്ഡിക 3(5)-ൽ വ്യക്തിഗത പ്രവൃത്തികളുടെ ബോർഡിന് ₹3,000/-യിലും പൊതു പ്രവൃത്തികളുടെ ബോർഡിന് ₹5,000/-യിലും അധികരിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. വിശദമായ എസ്റ്റിമേറ്റ് അനുബന്ധം 2-ൽ ലഭ്യമാണെന്നും യഥാർത്ഥ നിരക്കിൽ ബോർഡുകൾക്ക് തുക അനുവദിക്കാമെങ്കിലും

അനുവദനീയ പരിധിയിൽ തുക അധികരിക്കാൻ പാടില്ലെന്നും തുടർന്ന് വിശദമാക്കുന്നുണ്ട്. 2016-ലെ CPWD D.S.R. നിരക്ക് പ്രകാരം ഇഷ്ടിക ഉപയോഗിച്ച് തയ്യാറാക്കുന്ന ബോർഡുകളുടെ വിശദമായ എസ്റ്റിമേറ്റാണ് അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത D.S.R. ഡേറ്റാ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | യൂണിറ്റ് | നിരക്ക് ₹ | 2 X 3 ബോർഡിന് ആവശ്യമായ | | 3 X 4 ബോർഡിന് ആവശ്യമായ | |
|---|---|---|---|---|---|---|---|
| | | | | അളവ് | നിരക്ക് ₹ | അളവ് | നിരക്ക് ₹ |
| 1 | Earth Work Excavation | Cum | 166.4 | 0.24 | 39.94 | 0.32 | 53.25 |
| 2 | Filling Available Excavated Earth In Trenches. | Cum | 125.75 | 0.04 | 5.03 | 0.05 | 6.29 |
| 3 | Providing And Laying In Cement Concrete1:4:8 | Cum | 4478.15 | 0.04 | 179.13 | 0.05 | 223.91 |
| 4 | Brick Work In Common Burnt Clay FPS In Cement Mortar 1:6 | Cum | 4751.65 | 0.29 | 1377.98 | 0.47 | 2233.28 |
| 5 | 15mm Cement Plastering 1:6 | Sqm | 185.2 | 1.99 | 368.55 | 3.46 | 640.79 |
| 6 | Wall Painting With Acrylic Emulsion Paint. | Sqm | 78.4 | 1.99 | 156.02 | 3.46 | 271.26 |
| 7 | Letter Writing And Logo | LS | 1 | 700 | 700 | 800 | 800 |
| 8 | Contingencies | LS | 1 | 200 | 200 | 200 | 200 |
| | ആകെ | | | | 3026.63 | | 4428.77 |
| | അതായത് | | | | 3027 | | 4429 |

ഇഷ്ടിക ഉപയോഗിച്ച് നിർമ്മിക്കുന്ന ബോർഡുകൾക്ക് മാത്രമാണ് മേൽ സൂചിത പട്ടികയിലെ നിരക്കുകൾ നല്കാനാവുക. ദേവികുളം ഗ്രാമപഞ്ചായത്തിൽ വ്യാപകമായി ഫെറോ സിമന്റ് സ്ലാബുകളാണ് ബോർഡുകൾക്കായി ഉപയോഗിക്കുന്നത്. ഇത്തരം സ്ലാബുകൾ ഉപയോഗിക്കാവുന്നതാണെന്ന് ഖണ്ഡിക 3(4)-ൽ പറയുന്നതിനാൽ അത് ഉപയോഗിക്കുന്നത് വഴി ബോർഡിന്റെ വില വീണ്ടും കുറയുമെന്നതിനാൽ ഫെറോ സിമന്റ് സ്ലാബ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത നിരക്കിന് അനുസൃതമായി ബോർഡിന്റെ വില നിശ്ചയിക്കുകയും വഴി ഈയിനത്തിലുള്ള ചെലവ് കുറയ്ക്കാവുന്നതാണ്.

ഫെറോസ്ലാബ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ഇ-ടെണ്ടർ ക്ഷണിച്ച് സി.ഐ.ബി. സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) നടപ്പാക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു

തൻവർഷം ദേവികുളം ഗ്രാമപഞ്ചായത്തിൽ 23 വ്യക്തിഗത പ്രവൃത്തികളും 155 പൊതുപ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. മിക്ക പ്രവൃത്തികളിലും CIB സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ചെയ്തിട്ടില്ല. മണ്ണിൽ കുത്തിവച്ചിരിക്കുന്നതും ഭിത്തിയിൽ/മരത്തിൽ ചാരിവെച്ചിരിക്കുന്നതുമായ രീതിയിലാണ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ഇത്തരം കാര്യങ്ങളൊന്നും വിലയിരുത്താതെയാണ് ബില്ല് തയ്യാറാക്കിയിരിക്കുന്നത്. മണ്ണിൽ ഉറപ്പിക്കാത്തതിനാൽ ഡി.എസ്.ആർ. ഡാറ്റയിലെ ക്രമനം. 1, 2, 3 എന്നിവ ഒഴികെയുള്ള ഇനങ്ങൾ മാത്രമാണ് ബോർഡ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ നടത്തിയിട്ടുള്ളത്. 2 X 3 ബോർഡിന് ₹2450/-യും 3 X 4 ബോർഡിന് ₹3145/- യുമാണ് അനുവദിച്ചിരിക്കുന്നത്.

കുറഞ്ഞത് 10 വർഷമെങ്കിലും നിലനിൽക്കുന്ന രീതിയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് (CIB) ബോർഡുകളാണ് സ്ഥാപിക്കേണ്ടത്. എന്നാൽ 2021-22 വർഷത്തിൽ സ്ഥാപിച്ച ബോർഡുകളിലെ

പെയിന്റ് കൊണ്ട് എഴുതിയ വിവരങ്ങൾ നിലവിൽ മാഞ്ഞുപോയ അവസ്ഥയിലാണ്. ബോർഡുകളിലെ മാഞ്ഞുപോയ വിവരങ്ങൾ ബോർഡ് സ്ഥാപിച്ച വ്യക്തി മുഖേന വീണ്ടും രേഖപ്പെടുത്തേണ്ടതും അവ ഉത്തരവിൻ പ്രകാരം ഉറപ്പിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോൺക്രീറ്റ് /നടപ്പാത പ്രവൃത്തികൾക്ക് അധികനിരക്ക് നൽകി: നഷ്ടം ₹35,097/-

തൻവർഷം അസി.എഞ്ചിനീയർ നടപ്പാക്കിയ 48 റോഡ്/നടപ്പാത കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്യുന്നതിന് 2016 MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@ 3 M C/c) As Required Including Compaction, Finishing And Tamping Etc .Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc Complete As Per Specification)ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. ഇവയിൽ 15 പ്രവൃത്തികളുടെ സൈറ്റ് 12.01.2023-ൽ ഗ്രാമ പഞ്ചായത്ത് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ 6 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലായെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുകയും അസി.എഞ്ചിനീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ലാത്തതിനാൽ അതിനു ബാധകമായ നിരക്ക് കുറവു ചെയ്ത തുകയാണ് കരാറുകാരന് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 1-25ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. നഷ്ടമായ തുകയ്ക്ക് ഖ.4-10(ബി)യിൽ പേര് ചേർത്തിരിക്കുന്നവർ ഉത്തരവാദികളാണ്. പ്രസ്തുത ആളുകളിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
| --- | --- | --- |

| | | |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 3700000 | ലൈഫ് മിഷൻ ഭവനപദ്ധതി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 0 |

പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി ലഭിച്ച തുക സമയബന്ധിതമായി വിനിയോഗിക്കാത്തതിനാൽ സർക്കാർ നിർദ്ദേശപ്രകാരം സർക്കാരിലേക്ക് തിരികെ ഒടുക്കി അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി ഒ എം എസ്.68/2018/ 18/5/2018 | 9320159 | 340000 | 1249599 | 0 | 8410560 |

4-6 സ്ഥിര നിക്ഷേപം

-- ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

-- ഇല്ല –

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി- അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി- അപാകതകൾ | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| ലഘു അവലോകനം | | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് സംവിധാനം | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | 41758587 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 144905808 |
| ഓഡിറ്റ് വർഷത്തെ ആകെ തുക | 186664395 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 132188357 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | 54476038 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35097 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 35097 | 15258 | ശ്രീ.വിഷ്ണു ബി.വി., അസി. എഞ്ചിനീയർ |
| | | | 19839 | ശ്രീ.ജയ്മോൻ കെ.ആർ., അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി. യു. ഏലിയാസ് അസി.എഞ്ചിനീയർ | വിരമിച്ചു | തെക്കേടത്ത് വീട് പടമുഖം പി.ഒ. ഇടുക്കി |
| ശ്രീ. വിഷ്ണു ബി.വി., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കണിമ്പാർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ | വിഷ്ണുഭവൻ, നെടുമങ്ങാട് തിരുവനന്തപുരം |
| ശ്രീ.ജയ്മോൻ കെ.ആർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ദേവികുളം ഗ്രാമപഞ്ചായത്ത് | കിഴക്കേപാലമറ്റം, വാഴക്കുളം പി.ഒ.ഗാന്ധി നഗർ, മൂവാറ്റുപുഴ |

| | | |
|---|---|---|
| ശ്രീ.രാജേഷ്, വി.ഇ.ഒ. | വി.ഇ.ഒ., ദേവികുളം ഗ്രാമപഞ്ചായത്ത് | ബേളുർപ്പാറ (വീട്) വട്ടംതട്ട പി.ഒ. മുലിയാർ, കാസർഗോഡ് – 671542 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/ 08/11.8.08 | 2-8 | 1 |
| 2006-2007 | എൽ എഫ് ഐ – 9/515/08/ 11.8.08 | 3-5, 3-7, 3-8 | 3 |
| 2007-08 | എൽ എഫ് ഐ -9/199/ 10/03.03.12 | 3-7,3-10, 3-12, 3-16,3-17.3-18 | 6 |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | 3-5,3-6,3-7,3-8 | 4 |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | 3-2 മുതൽ 3-7 വരെ 3-9 മുതൽ 3-13 വരെ | 11 |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | 3-1,3-8,3-10, 3-11 | 4 |
| 2011-12 & 2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | 3-5,3-6,3-8 | 3 |
| 2013-14 & 2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1262/15/ 28.3.16 | 2-2,2-4 , 3-1,3-4,3-5,3-6,3-7,3-8,3-9,3-10 | 10 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/ 1493/2016 തി.30.12.2016 | 2-1, 2-2,3-2 | 3 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/984/17/ തീ.19.07.17 | 2-1,2-2,2-3,2-4,3-1,3-2,3-3,3-6 | 8 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-14/1407/18/ തീ.31.1.19 | 2-1,2-2 | 2 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-13/939/20 തീ.27.11.20 | 1-18,1-19,1-23,1-27,1-29,1-30,1-31,2-1 | 8 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-13/803/20 തീ.09.09.21 | 1-11 മുതൽ 1-20 വരെ | 10 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ- 13/804/21 തീ.28.09.21 | 1-11 മുതൽ 1-29 വരെ | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്